# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5977 | 19/11/2019-ൽ മറുപടിക്ക്

### കോതമംഗലം സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കൽ

| | ചോദ്യം<br>**ശ്രീ.ആന്റണി ജോൺ** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ട്രാൻസ്ഗ്രിഡ് പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കുന്ന കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോതമംഗലം സബ്സ്റ്റേഷന്റെ കൺട്രോൾ റൂമിന്റെ നിർമ്മാണം 85% പൂർത്തിയായി. ഒരു 100 MVA ട്രാൻസ്ഫോർമറും ഒരു 250 KVA ഓക്സിലറി ട്രാൻസ്ഫോർമറും സ്ഥാപിച്ചു. DG സെറ്റ്, പവർ ട്രാൻസ്ഫോർമർ, യാർഡ് സ്ട്രക്ചർ മുതലായവയുടെ ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായി. കേബിൾ ട്രഞ്ച് റോഡ്, എർത്ത് മാറ്റ് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത സബ് സ്റ്റേഷന്റെ ശേഷി 66 കെ.വിയിൽ നിന്നും എത്ര കെ.വി വരെ ഉയർത്തുവാനാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ 66 കെ.വി ശേഷിയുള്ള കോതമംഗലം സബ്സ്റ്റേഷൻ 220 കെ.വി. ശേഷിയിലേക്ക് ഉയർത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി എത്ര തുകയുടെ പ്രവൃത്തിയാണുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് 63.6 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. അതിന് അനുബന്ധമായ ലൈനുകൾ കറുകടം – കോതമംഗലം 220/110 കെ.വി. മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനിന് 10.3 കോടി രൂപയും പള്ളിവാസൽ - ആലുവ 220/110 കെ.വി. മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനിന് 262 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. |
| (ഡി) | സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി AIS പാക്കേജ് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനോടൊപ്പം സബ്സ്റ്റേഷനിലേക്കുള്ള ലൈനുകളുടെ നിർമ്മാണം കൊച്ചി ലൈൻ പാക്കേജ് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കി വരുന്നു. അവ ചുവടെ ചേർക്കുന്നു.<br>(a) കറുകടം – കോതമംഗലം-3.6 കി.മീ. 220/110 കെ.വി. MCMV ലൈൻ.<br>പ്രസ്തുത ലൈൻ നിലവിൽ നിഷ്ക്രിയമായി |

→

| | | | |
|---|---|---|---|
| | | | കിടക്കുന്ന 220 കെ.വി. ഇടുക്കി – മാടക്കത്തറ ലൈനുമായി ബന്ധിപ്പിക്കുന്നു. കറുകടം മുതൽ നിലവിലുള്ള 66 കെ.വി. കുത്താട്ടുകുളം കോതമംഗലം ലൈൻ നാരോബേസ് ടവറുകളുപയോഗിച്ച് മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനാക്കി മാറ്റിയാണ് കോതമംഗലം സബ്സ്റ്റേഷൻ മാടക്കത്തറ - ഇടുക്കി ലൈനുമായി ബന്ധിപ്പിക്കുന്നത്.<br><br>(b) പള്ളിവാസൽ - ആലുവ 81 കി.മീ. 220/110 MCMV ലൈനും കോതമംഗലം സബ്സ്റ്റേഷനിലേക്കുള്ള 2 കി.മീ. ലിലോ ലൈനും നിലവിലുള്ള 66 കെ.വി. പള്ളിവാസൽ - ആലുവ ലൈൻ 220/110 കെ.വി. ലൈനാക്കി മാറ്റി, കോതമംഗലത്തേക്ക് നീട്ടുന്നുണ്ട്. ലിലോ ലൈനിന്റെ (line in & line out) നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നിലവിൽ ഈ ലൈൻ 66 കെ.വി. ശേഷിയിൽ പ്രസരണം നടത്തിവരുന്നു. പ്രസ്തുത ലൈനിന്റെ നിർമ്മാണം കഴിയുമ്പോൾ ഉയർന്ന ശേഷിയിൽ പ്രസരണം നടത്തുന്നതാണ്. |
| (ഇ) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഇ) | കോതമംഗലം സബ്സ്റ്റേഷന്റെ നിർമ്മാണം 2020 ഫെബ്രുവരിയിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ